കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# വളപട്ടണം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട്

# 2016-17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം കണ്ണൂർ

e-mail:doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നം.കെ.എസ്.എ. /കെ.എൻ.ആർ./സി.5/1492/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,കണ്ണൂർ

e-mail: doknr.ksad@kerala.gov.in

Phone:04972707698

തീയ്യതി:18.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് ( സെക്രട്ടറി മുഖേന)

വളപട്ടണം ഗ്രാമ പഞ്ചായത്ത്

സർ,
വിഷയം : വളപട്ടണം ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാടായി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ 2,3 ഭാഗങ്ങളിലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) , 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം( ഇ മെയിൽ)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3)കാര്യാലയ പകർപ്പ്

നം കെ. എസ്. എ. /കെ.എൻ.ആർ./സി.5/1492/2017 തീയതി : 18.09.2017

<u>കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ</u>

<u>2016-2017 സാമ്പത്തിക വർഷത്തെ വരവ് ചെലവ് കണക്കുകളിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

ആമുഖം

വളപട്ടണം ഗ്രാമപഞ്ചായത്തിന്റെ 2016-2017 സാമ്പത്തിക വർഷത്തെ വരവു ചെലവു കണക്കുകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 19-11-16 മുതൽ 31-7-2017വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധനക്ക് വിധേയമാക്കുകയുണ്ടായി.ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ആകെ നൽകിയ 20 അന്വേഷണക്കുറിപ്പുകൾക്കും മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്.ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൻമേലുള്ള തുടർനടപടികൾ ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്തം ഉണ്ടായിരിക്കുന്നതല്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേര് | ശ്രീ അശോകൻ മഠത്തിൽ, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 1-8-2017 മുതൽ 9- 8 -2017വരെ |

<u>ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ</u>

| | പേര് | തസ്തിക |
|---|---|---|
| 1 | ചന്ദ്രി കെ.വി | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 2 | റീന പിട്ടൻ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| 3 | ഷീല.കെ | സീനിയർ ഗ്രേഡ് ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. മനോരമ.എൻ.പി | 1-4-16 മുതൽ 31-3-17 വരെ |
| സെക്രട്ടറി | ശ്രീ.പദ്മനാഭൻ.പി.വി | 1-4-16 മുതൽ 15-7-16 വരെ |
| | ശ്രീമതി.രാജലക്ഷ്മി കെ.കെ.<br>(അസിസ്റ്റന്റ് സെക്രട്ടറി,അധികചുമതല) | 16-7-16 മുതൽ20-7-16 വരെ |
| | ശ്രീ. പ്രേമൻ.പി.കെ | 21-7-16മുതൽ 31-3-17 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| | ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|---|
| | | | മുതൽ | വരെ |
| 1 | അസിസ്റ്റന്റ് സെക്രട്ടറി | കെ.കെ.രാജലക്ഷ്മി | 01-04-16 | 31-3-17 |
| 2 | അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീലത.പി | 01-04-16 | 28-10-16 എഫ്എൻ |
| | | നവ്യ വേണുഗോപാൽ | 28-10-16 എഎൻ | 31/03/17 |
| 3 | കൃഷിഓഫീസ്സർ | സീമാ സഹദേവൻ | 01/04/16 | 31/03/17 |
| 4 | വി.ഇ.ഒ | ഐവി ഐസക് | 01-04-2016 | 31-03-2017 |
| 5 | വെറ്റിനറി സർജൻ | ഡോ.ദീപാ ജേക്കബ് | 01/04/16 | 31/03/17 |
| 6 | മെഡിക്കൽ ഓഫീസർ പിഎച്ച്സി | ഡോ.മൊഹമ്മദ് ഇസ്മയിൽ.സി | 01/04/16 | 11/01/17 |
| | | ഡോ.ജൂംഞ്ജൂമി | 12/01/17 | 31/03/17 |

| | | | | |
|---|---|---|---|---|
| 7 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ധന്യ.കെ | 01/04/16 | 31/03/17 |
| 8 | ഐസിഡിഎസ് സൂപ്പർവൈസർ | ശോഭനകുമാരി.കെ | 01-04-2016 | 02/12/16 |
| | | ആയിഷക്കുട്ടി.കെ | 03/12/16 | 31/03/17 |

ഉള്ളടക്കം


| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | വിഷയം |
|---|---|---|
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യപത്രിക |
| 3 | 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം |
| 4 | 1-4 | സാമ്പത്തിക വിശകലനം. |
| 5 | 1-5 | ഫണ്ട് വിനിയോഗം2016-17 |
| 6 | 1-6 | പദ്ധതി അവലോകനം. |
| 7 | 1-7 | തനത് വരുമാനം. |
| 8 | 1-8 | ക്ഷേമപദ്ധതികൾ |
| 9 | 1-9 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 10 | 1-10 | ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ |
| 11 | 1-11 | വർക്കിംഗ് ഗ്രൂപ്പുകൾ |
| 12 | 1-12 | ഗ്രാമസഭകളുടെ പ്രവർത്തനം. |

| | | |
|---|---|---|
| 13 | 1-13 | ദുരിതാശ്വാസനിധി |
| 14 | 1-14 | നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവുകൾ |
| ഭാഗം-2 | | |
| 15 | 2-1 | വസ്തു നികുതി നിർണ്ണയത്തിലെ -അപാകങ്ങൾ |
| 16 | 2-2 | വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല |
| 17 | 2-3 | അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്. |
| 18 | 2-4 | മൊബൈൽ ടവറുകളുടെ വസ്തുനികുതി- 85,451/- രൂപ കുടിശ്ശിക. |
| 19 | 2-5 | നികുതി ഒഴിവിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ ഹാജരാക്കണ്ടതാണ്. |
| 20 | 2-6 | ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിലെ കുറവ്-6650/- ഈടാക്കേണ്ടതാണ്. |
| 21 | 2-7 | തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച് |
| 22 | 2-8 | സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല |
| 23 | 2-9 | ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല. |
| 24 | 2-10 | ലൈബ്രറി സെസ് യഥാസമയം ഒടുക്കുവരുത്തിയില്ല. |
| ഭാഗം-3 | | |

| | | |
|---|---|---|
| 25 | 3-1 | ഗാർഹിക കുടിവെള്ള കണക്ഷൻ - അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയത് - 4000/-രൂപ തിരിച്ചുപിടിക്കേണ്ടതാണ്. |
| 26 | 3-2 | കൃഷി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ- മാർഗ്ഗരേഖാ വിരുദ്ധമായി തുക മുൻകൂർ നൽകി -1,00,000/- രൂപ തടസ്സപ്പെടുത്തുന്നു |
| 27 | 3-3 | ഔഷധിയിൽനിന്നും മരുന്നുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം. |
| 28 | 3-4 | തുകയുടെ കൈപ്പറ്റ് രശീതി,വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല. |
| 29 | 3-5 | തെരുവുവിളക്ക് വൈദ്യുതിചാർജ് - സംയുക്തപരിശോധന നടത്തിയില്ല. |
| 30 | 3-6 | പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയില്ല |
| 31 | 3-7 | പ്രവൃത്തി പൂർത്തീകരണം വൈകിയത് - പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സമയം ദീർഘിപ്പിച്ചു നൽകി |
| 32 | 3-8 | ഭവനനിർമ്മാണത്തിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയത് - ചെലവഴിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്. |

| | | |
|---|---|---|
| 33 | 3-9 | വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനോ, അല്ലാത്തപക്ഷം അവ നൽകിയ സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുന്നതിനോ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്. |
| ഭാഗം 4 | | |
| 34 | 4-1 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 35 | 4-2 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ |
| 36 | 4-3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് . |
| 37 | 4-4 | വായ്പ/ വായ്പ തിരിച്ചടവ് |
| 38 | 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 39 | 4-6 | ഓഡിറ്റ് റിക്കവറി |
| 40 | 4-7 | ചാർജ്ജ് -സർചാർജജ് നടപടികൾ സ്വീകരിച്ചതിന്റെ വിവരം |
| 41 | 4-8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 42 | 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 43 | 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| 44 | അനുബന്ധം1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |
| 45 | Appendix- 1 | Audit Cetificate |
| 46 | Appendix- 2 | Income&Expenditure Statement |

| | | |
|---|---|---|
| 47 | Appendix- 3 | Receipt& Payment Statement |
| 48 | Appendix- 4 | Balance Sheet |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-2017വർഷത്തെ ബജറ്റ് 2.3.16-ലെ 66/2016 നമ്പർ പ്രകാരവും, റിവൈസ്ഡ് ബജറ്റ് 29-3-17 തീയതിയിലെ ഭരണസമിതി തീരുമാനം നമ്പർ 104/2017 പ്രകാരവും അംഗീകരിക്കുകയുമുണ്ടായി. റിവൈസ്ഡ് ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് തുകകൾ താഴെ കൊടുക്കുന്നു.ബജറ്റിൽ ട്രാൻസ്ഫർ ചെയ്യപ്പെടുന്ന തുകകൾ ഉൾക്കൊള്ളിക്കുകയും രസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റിൽ അവ ഉൾക്കൊള്ളിക്കാതെയും ബജറ്റ് തയ്യാറാക്കിയതിനാൽ ഇവയുടെ താരതമ്യംനടത്താൻസാധിച്ചിട്ടില്ല.

| | ബജറ്റ് (റിവൈസ്ഡ്) | യഥാർത്ഥത്തിലുള്ളത് (R&P പ്രകാരം) |
|---|---|---|
| മുന്നിരിപ്പ് | 13444734 | 11040304 |
| വരവ് | 29952200 | 17568175 |
| ആകെ | 43396934 | 28608479 |
| ചെലവ് | 31176000 | 18755700 |
| നീക്കിയിരിപ്പ് | 12220934 | 9852779 |

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|---|
| 2016-2017 | 31-7-2017 | 30/06/17 | തിരിച്ചയച്ചിട്ടില്ല | ബാധകമല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് തരം |
|---|---|---|---|
| 2016-2017 | 07/08/17 | കെ.എസ്.എ/ കെ.എൻ.ആർ/ സി 6- /2017 തീയ്യതി | വിശേഷണങ്ങളോട്ടു കൂടിയത് |

ന്യൂനതകൾ

1.മുൻ വർഷത്തേതുൾപ്പെടെയുള്ള ആസ്തിയുടെ മൂല്യം തിട്ടപ്പെടുത്തി ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക ധനകാര്യപത്രികയിലെ ബി 11 ഷെഡ്യൂളിനനുസൃതമായിട്ടുള്ള ആസ്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

2 .ഫങ്ഷൻ-ഫങ്ഷനറി അടിസ്ഥാനത്തിൽ ബജറ്റ് തയ്യാറാക്കാത്തതിനാൽ സാംഖ്യ അക്കൗണ്ട്സുമായി തുലനം ചെയ്യാൻ കഴിഞ്ഞിട്ടില്ല.

3.സെക്രട്ടറി ഒഴികെയുള്ള നിർവ്വഹണ ഉദ്യോഗസ്ഥരുടെ പ്രോജക്ടുകളുടെ ബില്ലുകളിൽ നിന്ന് ഈടാക്കുന്ന വാറ്റ്, ആദായനികുതി, ക്ഷേമനിധിവിഹിതം ഇവ വാർഷിക കണക്കുകളിൽ ഉൾപ്പെട്ടിട്ടില്ല.

4.വസ്തു നികുതിയുടെ ഡിമാന്റ്, കലക്ഷൻ, ബാലൻസ് ,കുടിശ്ശിക എന്നിവയുടെ വിവരം കാണിക്കുന്ന വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തിയാവാത്തതു കാരണം ഇതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല..

5. B-15 ഷെഡ്യൂളിൽ തൻവർഷത്തെ വാടക കുടിശ്ശികയായി രേഖപ്പെടുത്തിയിരിക്കുന്ന 12491 /- രൂപ യഥാർത്ഥത്തിൽ 2015-16 വർഷത്തെ വാടക കുടിശ്ശിക ഇനത്തിലുള്ള തുകയാണ് .

6.ദുരിതാശ്വാസ നിധി അക്കൗണ്ടിൽ വരവു വെക്കേണ്ട 1750/- രൂപ തെറ്റായി തനതുഫണ്ട് അക്കൗണ്ടിലാണ് വരവ് വെച്ചത്.

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്, ബാലൻസ് ഷീറ്റ്,ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

സ്ഥാപനത്തിന്റെ 2016-2017വർഷത്തെ വാർഷിക ധനകാര്യപത്രികയുടെ വിവരം

| | |
|---|---|
| മുന്നിരിപ്പ് | 11040304 |
| വരവ് | 17568175 |

| | |
|---|---|
| ആകെ | 28608479 |
| ചെലവ് | 18755700 |
| നീക്കിയിരിപ്പ് | 9852779 |

*രസീറ്റ് &പേമെന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ചേർത്തിരിക്കുന്നത്

# 1-5 ഫണ്ട് വിനിയോഗം2016-17

| ഫണ്ടിനം | മുൻബാക്കി | തൻവർഷ അലോട്ട്മെന്റ് (എ.സി.ആർ പ്രകാരമുള്ളത്) | ആകെ | ചെലവ് | ലാപ്സായത് (എ.സി.ആർ പ്രകാരമുള്ളത്) | ശത മാനം | നീക്കി യിരിപ്പ് RP40(B) പ്രകാരം |
|---|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 3688275 | 3688275 | 3688275 | 0 | 100 | 0 |
| വികസനഫണ്ട് എസ്.സി.പി. | 0 | 241923 | 241923 | 171250 | 70673 | 70.8 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | | 0 |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 0 | 856772 | 856772 | 333258 | 523514 | 38.9 | 0 |
| സംരക്ഷണ ഗ്രാന്റ് -നോൺറോഡ് | 0 | 2554755 | 2554755 | 984307 | 1570448 | 38.5 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 1680770 | 1680770 | 260476 | 1420294 | 15.5 | 0 |
| കെ എൽ ജി എസ് ഡി പി-പെർഫോമൻസ് ഗ്രാന്റ്(സ്റ്റേറ്റ്) | 0 | 284695 | 284695 | 277456 | 7239 | 97.5 | 0 |

| | | | | | | | |
|---|---|---|---|---|---|---|---|
| കെ എൽ ജി എസ് ഡി പി- പെർഫോമൻസ് ഗ്രാന്റ്(സെൻട്രൽ) | 0 | 1172473 | 1172473 | 1172473 | 0 | 100 | 0 |
| മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 0 | 139984 | 139984 | 136810 | 3174 | 97.7 | 3174 |
| ബി ഫണ്ട് | | 9373265 | 9373265 | 9373265 | | 100 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീ കാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാ ക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗിക മായി നടപ്പാ ക്കിയത് (എണ്ണം) | നടപ്പാ ക്കാത്തവ (എണ്ണം) | പൂർത്തീക രിച്ച പ്രോജക്ടു കളുടെ എണ്ണം/ ശതമാനം |
|---|---|---|---|---|---|---|---|
| 2016-17 | 69 | 14351579 | 46 | 7506446 | 25 | 23 | 21/30% |

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് 2016-2017 വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 53ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3343570 | 3866924 | 523354 | (+)15.7 |
| നികുതിയേതര വരവുകൾ | 9105106 | 1989873 | 7115233 | (-)78 |
| ആകെ | 12448676 | 5856797 | 6591879 | 53 |

ഗ്രാമപഞ്ചായത്തിന് തൻവർഷം 100% നികുതി പിരിവ് ലക്ഷ്യം കൈവരിക്കുവാനായിട്ടില്ല. കുടിശ്ശിക സംബന്ധിച്ച വിവരങ്ങൾ പ്രത്യേക ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-8 ക്ഷേമപദ്ധതികൾ

2016-2017 വർഷത്തിൽ ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | 2016-2017 | |
|---|---|---|
| | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
| തൊഴിൽരഹിത വേതനം | 10800 | 6 |
| കർഷകതൊഴിലാളി പെൻഷൻ | 41110 | 4 |
| വിധവാപെൻഷൻ | 3031960 | 231 |
| വാർദ്ധക്യകാലപെൻഷൻ | 5333175 | 483 |
| വികലാംഗപെൻഷൻ | 797890 | 89 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 98330 | 10 |
| വിധവകളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 60000 | 2 |

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18-10-16 മുതൽ 20-10-16 വരെ | 1-7-16മുതൽ 30-9-16 വരെ | 20/10/16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 20-8-11 മുതൽ 26-8-11വരെ | 2008-09 മുതൽ 2010-11 വരെ | 31/05/12 |

## 1-10 ക്യാഷ് ബാലൻസ് വെരിഫിക്കേഷൻ

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 7-8-17 ന് 3 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2414/- രൂപയുടെ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-11 വർക്കിംഗ് ഗ്രൂപ്പുകൾ

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. പദ്ധതി ആസൂത്രണത്തിൽ സുപ്രധാന പങ്ക് വഹിക്കേണ്ട ഘടകമാണ് വർക്കിംഗ് ഗ്രൂപ്പുകൾ. വർക്കിംഗ്

ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നല്കുക, വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക,ക്രോഡീകരിക്കുക, അതിന്റെ അടിസ്ഥാനത്തിൽ അവയുടെ വിശകലനം നടത്തുകയും വിശകലനത്തിന്റെ അടിസ്ഥാനത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കി തദ്ദേശഭരണസ്ഥാപനത്തിന് സമർപ്പിക്കുക തുടങ്ങിയവ വർക്കിംഗ് ഗ്രൂപ്പുകളുടെ ചുമതലയാണ്.ഗുണഭോക്താക്കളുടെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കുന്നതും, പദ്ധതി അംഗീകാരത്തിന് ശേഷം മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്റ്റുകൾ ഫലപ്രദമായി മോണിട്ടർ ചെയ്യേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്.എന്നാൽ മേൽ പ്രവർത്തനങ്ങൾ തൃപ്തികരമായി നിറവേറ്റിയിട്ടുണ്ടോ എന്നത് സംബന്ധിച്ച് വർക്കിംഗ് ഗ്രൂപ്പ് തീരുമാനങ്ങൾ മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടില്ല.

വർക്കിംഗ് ഗ്രൂപ്പുകളിൽ 14 മുതൽ 17 വരെ അംഗങ്ങൾ ഉണ്ട്.വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളുടെ ക്വാറം മൂന്നിലൊന്ന് അംഗങ്ങൾ ആണെങ്കിലും പല യോഗങ്ങളിലും വളരെ കുറവ് അംഗങ്ങൾ മാത്രമാണ് പങ്കെടുക്കുന്നത്. ഉദാ-മൃഗസംരക്ഷണം വർക്കിംഗ് ഗ്രൂപ്പിൽ 16 അംഗങ്ങൾ ഉണ്ടെങ്കിലും 8-8-16 ന് ചേർന്ന യോഗത്തിൽ 2 അംഗങ്ങൾ മാത്രവും, സാമൂഹ്യക്ഷേമം വർക്കിംഗ് ഗ്രൂപ്പിൽ 15 അംഗങ്ങൾ ഉണ്ടെങ്കിലും 25-11-16ന് ചേർന്ന യോഗത്തിൽ 3 പേരും, 23-2-17 ന് ചേർന്ന യോഗത്തിൽ 2 പേരും മാത്രമാണ് പങ്കെടുത്തിട്ടുള്ളത്.

ഓരോ വർക്കിംഗ് ഗ്രൂപ്പിനും ഹാജർ, മിനിറ്റ്സ്, തീരുമാനങ്ങൾ എന്നിവ രേഖപ്പെടുത്തുന്നതിന് ഓരോ രജിസ്റ്റർ ഉണ്ടായിരിക്കണമെന്നും, രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കേണ്ട ചുമതല കൺവീനർക്കാണ് എന്നും 12)ാം പദ്ധതി മാർഗരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.എന്നാൽ വർക്കിംഗ് ഗ്രൂപ്പ് മിനിറ്റ്സുകളിൽ 1-8-16 ന് ചേർന്ന യോഗത്തിൽ പദ്ധതി നിർദ്ദേശങ്ങൾ എഴുതിയിട്ടുണ്ടെങ്കിലും മറ്റ് തീയതികളിൽ ചേർന്ന പല യോഗങ്ങളിലും യോഗതീരുമാനങ്ങളൊന്നും തന്നെ രേഖപ്പെടുത്തിയിട്ടില്ല.പദ്ധതി മാർഗരേഖയിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് രേഖകൾ തയ്യാറാക്കി സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-12 ഗ്രാമസഭകളുടെ പ്രവർത്തനം.

കേരളാ പഞ്ചായത്ത് രാജ് ആക്റ്റ്, വകുപ്പ് 3 അനുസരിച്ച് മൂന്ന മാസത്തിലൊരിക്കലെങ്കിലും ഗ്രാമസഭകൾ സമ്മേളിക്കേണ്ടതുണ്ട് .എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016-17വർഷത്തിൽ 6/2016,10/2016,2/2017 മാസങ്ങളിലായി 3 തവണയാണ് ഗ്രാമസഭകൾ സമ്മേളിച്ചിട്ടുള്ളത്. എല്ലാ ഗ്രാമസഭകളിലും ക്വാറം തികയ്ക്കുന്നതിനാവശ്യമായ എണ്ണത്തിനടുത്ത് ആളുകൾ പങ്കെടുത്തിട്ടുണ്ട്. ഗ്രാമസഭാപ്രവർത്തനം ശക്തിപ്പെടുത്തുന്നത് സംബന്ധിച്ച് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പാലിക്കേണ്ടതുണ്ട്.

1) ഒന്നാമത്തെ ഗ്രാമസഭ – മുൻവർഷത്തെവികസനപ്രവർത്തനങ്ങളുടെ അവലോകനവും, നടപ്പ് വർഷത്തെ വാർഷീകപദ്ധതി നിർദ്ദേശങ്ങളും.

2) രണ്ടാമത്തെ ഗ്രാമസഭ – അംഗീകാരം ലഭിച്ച പ്രോജക്റ്റുകളുടെ ചർച്ചയും ഗുണഭോക്തൃതെരഞ്ഞെടുപ്പും.

3) മൂന്നാമത്തെ ഗ്രാമസഭ – വാർഷീകപദ്ധതി നിർവഹണവും, ഗ്രാമപഞ്ചായത്തിലെ സ്ഥാപനങ്ങളുടെ പ്രവർത്തനവും.

4)നാലാമത്തെ ഗ്രാമസഭ – പദ്ധതി പുരോഗതി മോണിട്ടറിംഗും സോഷ്യൽഓഡിറ്റും.

ഓഡിറ്റ് വർഷത്തിൽ ചേർന്ന ഗ്രാമസഭകളിൽ മേൽ നിർദ്ദേശങ്ങൾ പാലിക്കുവാൻ സാധിച്ചിട്ടില്ല.

## 1-13 ദുരിതാശ്വാസനിധി

2003 ലെ കേരള പഞ്ചായത്ത് രാജ്(ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ, ചട്ടം 3 പ്രകാരം ഗ്രാമപഞ്ചായത്തിൽ ദുരാതാശ്വാസനിധി രൂപീകരിക്കുകയും ഇതിനായി വളപട്ടണം സർവീസ് സഹകരണ ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.(അക്കൗണ്ട് നമ്പർ9719) നിലവിൽ പ്രസ്തുത അക്കൗണ്ടിൽ 30477/- രൂപ നീക്കിയിരിപ്പുണ്ട്.എന്നാൽ 9/2015 ന് ശേഷം ഈ തുകയിൽ നിന്നും ചെലവുകളൊന്നും തന്നെ ഉണ്ടായിട്ടില്ല.പ്രകൃതി ക്ഷോഭത്താലും, മാറാരോഗങ്ങളാലും ദുരിതമനുഭവിക്കുന്ന ജനങ്ങൾക്ക് അവരുടെ ദുരിതനിവാരണത്തിനായി സഹായം ലഭിക്കുന്നത് സംബന്ധിച്ച് ഗ്രാമസഭയിലൂടെയും മറ്റും വ്യാപകമായ പ്രചാരണം നൽകി പരമാവധി ജനങ്ങൾക്ക് സഹായം എത്തിക്കാനുള്ള നടപടികൾ ഗ്രാമപഞ്ചായത്തിൽ നിന്നും ഉണ്ടാകേണ്ടതാണ്.

## 1-14 നിർവഹണ ഉദ്യോഗസ്ഥരുടെ ചെലവുകൾ

2016-17 വർഷത്തിൽ നിർവഹണ ഉദ്യോഗസ്ഥർ നടപ്പാക്കിയ പ്രോജക്ടുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിർവഹണഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പ്രോജക്ടുകളുടെ എണ്ണം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണം | ആകെ അടങ്കൽ തുക (ലക്ഷത്തിൽ) | ചെലവഴിച്ച തുക (ലക്ഷത്തിൽ) | ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 16 | 12 | 29.54 | 21.92 | 74.3 |
| അസി.സെക്രട്ടറി | 3 | 3 | 2.5 | 1.71 | 68.4 |
| അസി.എഞ്ചിനീയർ | 21 | 6 | 53.41 | 13.38 | 25.1 |
| കൃഷി ഓഫീസർ | 8 | 8 | 7.56 | 6.78 | 89.6 |
| വെറ്ററിനറി സർജൻ | 4 | 4 | 4.33 | 3.6 | 83.1 |
| മെഡിക്കൽഓഫീസർ. പിഎച്ച്സി | 4 | 4 | 4.59 | 4.34 | 94.5 |
| മെഡിക്കൽഓഫീസർ. ആയുർവേദം | 1 | 1 | 6.54 | 6.54 | 100 |
| വിഇഒ | 7 | 5 | 20.32 | 5.88 | 28.9 |
| ഐസിഡിഎസ് | 5 | 3 | 14.7 | 10.87 | 73.9 |

| | | | | | |
|---|---|---|---|---|---|
| സൂപ്പർവൈസർ | | | | | |
| | 69 | 46 | 143.49 | 75.02 | |

## ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1 വസ്തു നികുതി നിർണ്ണയത്തിലെ -അപാകങ്ങൾ

a). തദ്ദേശ സ്വയംഭരണ (ആർ.ഡി.) വകുപ്പിന്റെ 14.1.2011-ലെ സർക്കാർ ഉത്തരവ് (അച്ചടി) 19/11/തസ്വഭവ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണ അന്തിമ വിജ്ഞാപന പ്രകാരം (14-07-2011 ലെ 95/2011) വാണിജ്യാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന 100 ചതുരശ്ര മീറ്റർ വരെയുള്ള കെട്ടിടങ്ങൾക്ക് ഒരു ചതുരശ്ര മീറ്ററിന് 30 രൂപയും 100 ചതുരശ്ര മീറ്ററിനു മുകളിലുള്ളവയ്ക്ക് 50 രൂപയുമാണ് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ചിട്ടുള്ളത്. 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും)ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്തഭാഗങ്ങൾ ഒരേ സമയം ചട്ടം-4 ഉപചട്ടം-1ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ അവയെ വേറെ വേറെ കെട്ടിടഭാഗങ്ങളായി കണക്കാക്കി ഓരോ കെട്ടിടഭാഗത്തിനും പ്രത്യേകം വസ്തുനികുതി ചുമത്തുവാൻ പാടുള്ളൂ.എന്നാൽ വളപട്ടണം ഗ്രാമപഞ്ചായത്തിൽ ഒരേ ആളിന്റെ ഉടമസ്ഥതയിലുള്ള വാണിജ്യാവശ്യത്തിന് മാത്രം ഉപയോഗിക്കുന്ന 100 ച.മീ കൂടുതൽ വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് 100ച.മീറ്ററിൽ കുറവുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ നികുതി നിരക്കായ ചതുരശ്രമീറ്ററിന് 30/-രൂപയാണ് ചുമത്തുന്നത്. 100 ചതുരശ്ര മീറ്ററിനു മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന ഷോപ്പുകൾക്ക് അവയുടെ ആകെ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി കണക്കാക്കാതെ കെട്ടിടത്തിലെ മുറികളുടെ ഓരോന്നിന്റെയും വിസ്തീർണ്ണം പ്രത്യേകം കണക്കാക്കി ഒരു ചതുരശ്ര മീറ്ററിന് 50 രൂപ എന്നതിനു പകരം 30 രൂപ എന്ന തോതിൽ നികുതി നിർണ്ണയിച്ചിട്ടുള്ളത് ക്രമപ്രകാരമല്ല.വിശദ വിവരം ചുവടെ ചേർക്കുന്നു. (ഓഡിറ്റ് അന്വേഷണം നം.10/16-17 /07-08-2017 ) ഈ രീതിയിൽ നികുതി നിർണ്ണയത്തിൽ സംഭവിച്ചിട്ടുള്ള അപാകങ്ങൾ കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

I) ഉടമസ്ഥന്റെ പേര് : കെ.ടി. സാഹിദ,

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള ഇരുനില കെട്ടിടം

| ക്രമ നം | കെട്ടിട നം/ അസസ്സ് മെന്റ് നം | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി + (ഗ്രന്ഥശാ ലവരി 5%)+ (ST 10%) | ഡിമാന്റ് ചെയ്യേണ്ട വസ്തുനി കുതി (ഗ്രന്ഥശാ ലവരി5%) | വ്യത്യാസം | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | വാർഡ്-2<br>431/A | 197.12 | 6462 | 10768 | 4306 | 5%<br>ഒന്നാം<br>നില<br>ഇളവ് | രശീത്<br>നം<br>ലഭ്യമല്ല<br>തിയതി<br>04.06.2011 |
| | ആകെ | | | | 4306 | | |

1.ഫോം 6 പ്രകാരം വസ്തുനികുതി നിർണ്ണയിച്ചപ്പോൾ ഉപയോഗ ക്രമം രേഖപ്പെടുത്തുമ്പോൾ വാണിജ്യാവശ്യങ്ങൾക്കായുള്ള 100 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ , റെസ്റ്റോറന്റുകൾ, ഷോപ്പുകൾ, ഗോഡൗൺ എന്നായി ഡാറ്റാ എൻട്രി ചെയ്യുന്നതിന് പകരം വാണിജ്യാവശ്യങ്ങൾക്കായുള്ള 100 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള ഹോട്ടൽ, റെസ്റ്റോറന്റുകൾ, ഷോപ്പുകൾ ഗോഡൗൺ എന്നായി എൻട്രി ചെയ്തതിനാൽ പ്രസ്തുത കെട്ടിടത്തിന്റെ വിസ്തീർണ്ണം 100 ച മീറ്ററിൽ കൂടുതലായിരുന്നിട്ടും താഴ്ന്ന നിരക്കായ 30രൂപയാണ് ഈടാക്കിയിരിക്കുന്നത് കാരണം പട്ടികയിൽ കാണിച്ചിരിക്കുന്ന പ്രകാരം നികുതിയിൽ കുറവ് വന്നിരിക്കുന്നു .

2.മേൽ പട്ടികയിൽ പരാമർശിച്ച കെട്ടിടം ഗ്രൗണ്ട് ഫ്ലോറിലാണ് എന്ന് ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതെങ്കിലും സഞ്ചയയിൽ ഒന്നാം നിലയിലാണ് എന്ന് രേഖപ്പെടുത്തി ബഹുനിലകെട്ടിടത്തിനുള്ള ഇളവ് അനുവദിച്ചിട്ടുണ്ട്.
3.ന്യൂ ബിൽഡിംഗ് രജിസ്റ്റർ പ്രകാരം 2-ാം വാർഡിൽ കെ.ടി. സാഹിദ യുടെ ഉടമസ്ഥതയിലുള്ള മറ്റൊരു (75ച മീ) കെട്ടിടത്തിന് 431-A നമ്പർ നൽകി അസ്സസ്സ്മെന്റ് നടത്തിയിട്ടുണ്ടെങ്കിലും നമ്പർ പ്രകാരമുള്ള കെട്ടിടത്തിന്റെ ഡാറ്റാഎൻട്രി നടത്തിയിട്ടില്ല.

II) ഉടമസ്ഥന്റെ പേര് :എൻ.പി. ഹംസ, സെക്രട്ടറി, വളപട്ടണം സർവ്വീസ് സഹകരണ ബാങ്ക്

കെട്ടിടത്തിന്റെ തരം : വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടം

| ക്രമ നം | കെട്ടിട നം/ | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി+ (ഗ്രന്ഥശാലവരി 5%) | കുറിപ്പ് | രശീതി നം. തീയ്യതി |
|---|---|---|---|---|---|
| 1 | വാർഡ്-2<br>310<br>/A | 22.101 | 916 | 20% വർദ്ധനവ് | രശീത് നം /തിയ്യതി ലഭ്യമല്ല |
| 2 | 310/B | 22.101 | 916 | 20% വർദ്ധനവ് | |

| | | | | | |
|---|---|---|---|---|---|
| 3 | 310/C | 22.101 | 916 | 20% വർദ്ധനവ് | |
| 4 | 310/D | 22.101 | 916 | 20% വർദ്ധനവ് | |
| 5 | 310/E | 22.101 | 916 | 20% വർദ്ധനവ് | |
| 6 | 310/F | 22.101 | 916 | 20% വർദ്ധനവ് | |
| 7 | 310/G | 22.101 | 916 | 20% വർദ്ധനവ് | |
| 8 | 310/H | 22.101 | 916 | 20% വർദ്ധനവ് | |
| 9 | 310/I FF | 257.03 | 11374 | 35% വർദ്ധനവ് | |
| 10 | 310/J SF | 257.03 | 10775 | 35% വർദ്ധനവ് | |

1) 16.12.2014 ന് ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ അസ്സസ്സ് മെന്റ് നം 3484 മുതൽ 3493 വരെയായി നികുതിനിർണ്ണയം നടത്തിയ മേൽ പട്ടികയിലെ കെട്ടിടങ്ങൾ വാണിജ്യാവശ്യത്തിനുള്ളവയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിൽ നിന്നും വ്യത്യസ്ഥമായി ക്രമ നമ്പർ 1 മുതൽ 8 വരെയുള്ള കെട്ടിടങ്ങൾ 100ച മീറ്ററിൽ കുറവുള്ള കെട്ടിടമായും ക്രമ നം 9,10 നമ്പറിലുള്ളവ ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടം എന്നുമാണ് ഡാറ്റാ എൻട്രി നടത്തിയിരിക്കുന്നത്. കെട്ടിടങ്ങൾ ഏതാവശ്യത്തിനായാണ് ഉപയോഗിച്ചുവരുന്നത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഹാജരാക്കാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല. മേൽ കെട്ടിടത്തിന്റ നികുതി നിർണ്ണയം സംബന്ധിച്ച രേഖകൾ പരിശോധിച്ചും ഫീൽഡ് പരിശോധന നടത്തിയും നികുതി നഷ്ടം വരുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

III) ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ സെയ്യിദ് ഹാശിം കോയ തങ്ങൾ നൂർ മഹൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തിന് 3247 മുതൽ 3249 വരെയുള്ള അസ്സസ്സ് മെന്റ് നമ്പരുകൾ പ്രകാരം നികുതി നിർണ്ണയം നടത്തിയിട്ടുണ്ട്.ആയതിൽ 3247 പ്രകാരമുള്ള 121 D എന്ന കെട്ടിടത്തിന് 103.06 ച. മീ വിസ്തീർണ്ണമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. ( മറ്റുള്ളവയുടെ121 E, 121 F, എന്നിവയുടെ വിസ്തീർണ്ണം രേഖപ്പെടുത്തിയിട്ടില്ല). എന്നാൽ കെട്ടിടം സഞ്ചയയിൽ നികുതി നിർണ്ണയത്തിന് ഡാറ്റാ എൻട്രി ചെയ്തിരിക്കുന്നത് 121 Aമുതൽ 121 F വരെയുള്ള 6കെട്ടിടങ്ങളായി (ഓരോന്നിനും 15ച.മീറ്റർ വിസ്തീർണ്ണം) 100 ച.മീ വരെയുള്ള വാണിജ്യ കെട്ടിടം എന്ന ഗണത്തിൽ ഉൾപ്പെടുത്തിയാണ് നികുതി നിർണ്ണയം നടത്തിയിട്ടുള്ളത്. ഇപ്രകാരം നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഡാറ്റാ എൻട്രി നടത്തുമ്പോൾ വിസ്തീർണ്ണത്തിലുണ്ടായ വ്യത്യാസം വന്നതിന്

ബന്ധപ്പെട്ട രേഖകൾ സഹിതം വിശദീകരണം നൽകാൻ ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും വ്യക്തമായ വിശദീകരണം നല്കുകയുണ്ടായില്ല. ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം നികുതി നിർണ്ണയത്തിൽ കൂടുതൽ അപാകങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ആയവ പരിഹരിക്കേണ്ടതുമാണ്.

b. 14.1.2011-ന് ശേഷം പൂർത്തീയായ കെട്ടിടത്തിന് പഴയ രീതിയിൽ നികുതി നിർണ്ണയം നടത്തിയത് ക്രമപ്രകാരമല്ല.
ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന കെട്ടിടത്തിന് നികുതിനിർണ്ണയം നടത്തിയത് 04.06.2011-ന് ആണ്. ഡാറ്റാ എൻട്രി നടത്തുമ്പോൾ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം പ്ലിന്ത് ഏരിയ അടിസ്ഥാനമാക്കിയാണ് നികുതി നിർണ്ണയം നടത്തേണ്ടതെങ്കിലും ആണ്ടിനാൽ കിട്ടാവുന്ന വാടക അടിസ്ഥാനമാക്കി നികുതി നിർണ്ണയം നടത്തിയതിനാൽ നികുതി ഈടാക്കിയതിൽ കുറവ് സംഭിവിച്ചിട്ടുണ്ട്.

ഉടമസ്ഥന്റെ പേര്: പ്രസിഡണ്ട്, മദ്രസ്സ സുബുലുസ്സലാം കമ്മിറ്റി.
കെട്ടിടത്തിന്റെ തരം: വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടം.

| ക്ര.നം. | കെട്ടിട നം./ അസസ്സ്മെന്റ് നം. | വിസ്തീർണ്ണം (ചതുരശ്ര മീറ്ററിൽ) | ഡിമാന്റ് ചെയ്ത വസ്തുനികുതി (ARV അടിസ്ഥാനമാക്കി) സഞ്ചയ പ്രകാരം |
|---|---|---|---|
| 01 | വാർഡ് – 2 281/A | 24 | 698 |
| 2 | 281/B | 24 | 698 |
| 3 | 281/C | 24 | 698 |
| 4 | 281/D | 24 | 698 |

C. ഡാറ്റാ എൻട്രി നടത്തുമ്പോൾ വിസ്തീർണ്ണം കുറച്ചു കാണിച്ചത്.

ന്യൂ ബിൽഡിംഗ് രജിസ്റ്ററിൽ മേൽ കെട്ടിടങ്ങൾക്ക് 3224 മുതൽ 3227 വരെയുള്ള നമ്പറുകൾ പ്രകാരം അസസ്സ്മെന്റ് നടത്തുമ്പോൾ ഓരോന്നിനും 39.45 ച.മീ. വിസ്തീർണ്ണമുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സഞ്ചയയിൽ ഓരോന്നിനും 24 ച.മീറ്റർ വിസ്തീർണ്ണം ഉള്ളതായാണ് ഡാറ്റാ എൻട്രി നടത്തിയത്. ഡാറ്റാ എൻട്രി നടത്തുമ്പോൾ വിസ്തീർണ്ണത്തിൽ കുറവു വന്നതിന് വിശദീകരണം നൽകാൻ ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ഹാജരാക്കുകയുണ്ടായില്ല (ഓഡിറ്റ് അന്വേഷണം നം. 10/16-17/07.08.2017)

കെട്ടിടത്തിന്റെ നികുതി നിർണ്ണയത്തിൽ കൂടുതൽ അന്വേഷണം നടത്തി യഥാർത്ഥത്തിൽ ഈടാക്കേണ്ടുന്ന നികുതി തന്നെ ഈടാക്കേണ്ടതാണ്.

ഖണ്ഡികയിൽ പരാമർശിച്ച പ്രകാരം കൂടുതൽ അപാകങ്ങൾ സംഭവിച്ചിട്ടുണ്ടോയെന്ന്

പരിശോധിക്കേണ്ടതും ഉണ്ടെങ്കിൽ ആയവ പരിഹരിക്കേണ്ടതുമാണ്.

## 2-2 വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ തയ്യാറാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി തൻവർഷ വരവായി 13,72,399 രൂപയും കുടിശ്ശിക വരവായി 5,41,640 രൂപയും (RP-43) തൻവർഷം കുടിശ്ശിക 4,38,336 രൂപയും മുൻ വർഷ കുടിശ്ശികയായി 11,11,213 രൂപയുമുണ്ട് (B-15). ഇത് രേഖപ്പെടുത്തേണ്ട ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ പൂർത്തിയാവാത്തതു കാരണം ഇതിന്റെ ആധികാരികത പരിശോധിക്കാൻ സാധിച്ചിട്ടില്ല. രജിസ്റ്ററുകൾ എല്ലാം എഴുതി പൂർത്തിയാക്കേണ്ടതാണ്.

## 2-3 അനധികൃത കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും, സേവന ഉപ നികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20, കേരള പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 235 എഎ വകുപ്പ് എന്നിവയിൽ പരാമർശിക്കുന്ന പ്രകാരം പഞ്ചായത്ത് പരിധിയിൽ നാളിതു വരെ നടന്നിട്ടുള്ള മുഴുവൻ അൺ ഓതറൈസ്ഡ് കൺസ്ട്രക്ഷനുകൾ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തിയ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി- 85,451/- രൂപ കുടിശ്ശിക.

വളപട്ടണം ഗ്രാമ പഞ്ചായത്ത് പരിധിയിൽ ഓഡിറ്റ് കാലയളവിൽ പ്രവർത്തിച്ചിരുന്നതും വസ്തുനികുതി ഒടുക്കാത്തതുമായ മൊബൈൽ ടവറുകളുടെ വിശദവിവരം താഴെകൊടുക്കുന്നു. ( ഓഡിറ്റ് അന്വേഷണം നം. 19/16-17 /08.08.2017 ക്കുള്ള മറുപടി പ്രകാരം)

| ക്രമ നം. | ഉടമയുടെ പേര്, കെട്ടിട നമ്പർ | നികുതി നിർണ്ണയത്തിന് കണക്കിലെടുത്ത വിസ്തീർണ്ണം (ച.മി) 400 രൂ./ച.മീ. | തുക | | | | |
|---|---|---|---|---|---|---|---|
| | | | 2013-14 | 2014-15 | 2015-16 | 2016-17 | ആകെ |
| 1 | ശ്രീജിത്ത്. ജി. പിള്ള, ടവർ വിഷൻ ഇന്ത്യ പ്രൈവറ്റ് ലി. 12-103 | 10 | 3222 | 4140 | 4140 | 4140 | 15,642 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | ബിജു.ടി നായർ<br>1-106 | 20 | 9319 | 11040 | 11040 | 11040 | 42,439 |
| 4 | മാനേജർ ടവർ വിഷൻ ഇന്ത്യ പ്രൈ.ലി 1-106 | 10 | - | - | 5520 | 5520 | 11,040 |
| 5 | എം.എൻ.മധു, റിലൈയൻസ് ഇൻഫോകോം<br>12-102 | 10 | 3910 | 4140 | 4140 | 4140 | 16,330 |
| | ആകെ | | | | | | 85451 |

കുടിശ്ശിക ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-5 <u>നികുതി ഒഴിവിന് സർക്കാർ ഉത്തരവ് പ്രകാരമുള്ള സാക്ഷ്യപത്രങ്ങൾ ഹാജരാക്കണ്ടതാണ്</u>

സർക്കാരിന്റെ 27.4.2015 തീയതിയിലെ സ.ഉ(എം.എസ്)നം.144/15/തസ്വഭവ, 16.12.15 തീയതിയിലെ സ.ഉ(എം.എസ്)നം.358/15/തസ്വഭവ {സ്പഷ്ടീകരണം (3)}, എന്നീ ഉത്തരവുകൾ പ്രകാരം 60 ചതുരശ്രമീറ്റർ വരെയുള്ള എല്ലാ വാസഗൃഹങ്ങളെയും 2015-16സാമ്പത്തികവർഷം മുതൽ വസ്തുനികുതിയിൽനിന്ന് ഒഴിവാക്കിയിരുന്നു.ഈ ആനുകൂല്യം ഒരു കുടുംബത്തിലെ കുടുംബനാഥൻ/കുടുംബനാഥയുടെ പേരിലുള്ളതും സ്വന്തം താമസത്തിന് ഉപയോഗിക്കുന്നതുമായ ഒരു വാസഗൃഹത്തിന് മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. ഇപ്രകാരം നികുതിഒഴിവിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറിവാങ്ങി സൂക്ഷിക്കേണ്ടതാണ്.എന്നാൽ ഉത്തരവ് പ്രകാരമുള്ള സാക്ഷ്യപത്രം ഹാജരാക്കാതെയാണ് 60ചതുരശ്രമീറ്ററിൽ കുറവുള്ള വാസഗൃഹങ്ങളെ വസ്തുനികുതി നിർണ്ണയത്തിൽ നിന്ന് ഒഴിവാക്കിയിട്ടുള്ളത് ഉദാഹരണങ്ങൾ ചുവടെ കൊടുക്കുന്നു.

| ക്രമ. നം | ഉടമസ്ഥന്റെ പേര് /കെട്ടിട നം | കെട്ടിടത്തിന്റെ വിസ്തീർണ്ണം ച.മി | ന്യൂബിൽഡിംഗ് രജിസ്റ്റർ പ്രകാരം |
|---|---|---|---|

| | | | |
|---|---|---|---|
| | | | നികുതി ഇളവ് അനുവദിച്ച തീയതി |
| 1 | പുത്തലകത്ത് പുതിയപുരയിൽ സിയാദ്<br>VIII 67 A | 59.66 | 16.6.2015 |
| 2 | മാനാരി വീട്ടിൽ പുത്തൻ വീട്ടിൽ ഉണ്ണികൃഷ്ണൻ VII 19A | 36.55 | 2.12.15 |
| 3 | തായകത്ത് മൂപ്പന്റവിട ജബീന IV 29 A | 60 | 7.12.15 |
| 4 | അഞ്ചക്കാരൻ പുതിയപുരയിൽ മറിയുമ്മ<br>V 63-A | 55.02 | 12.5.16 |
| 6 | തോണിയൻ പുതിയപുരയിൽ ജബീനXIII 3B | 59.77 | 15.6.16 |

ബന്ധപ്പെട്ട കെട്ടിട ഉടമകളിൽ നിന്നുള്ള സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 2-6 ഡി&ഒ ലൈസൻസ് ഫീ ഈടാക്കിയതിലെ കുറവ്-6650/- ഈടാക്കേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ)ചട്ടങ്ങളിലെ ചട്ടം 7 പ്രകാരം ഡി&ഒ ലൈസൻസിനു വേണ്ടി അപേക്ഷിക്കുന്ന സ്ഥാപനത്തിന്റെ ദിവസേനയുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ ചട്ടങ്ങളോട് ചേർന്നുള്ള പട്ടിക II പ്രകാരവും, ചട്ടങ്ങൾ 17,18 എന്നിവ പ്രകാരം വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന യന്ത്രസാമഗ്രിയോ നിർമ്മാണ യന്ത്രമോ ഉപയോഗിക്കുന്നതിനുള്ള ഫീസ് ചട്ടങ്ങളോട് ചേർന്നുള്ള പട്ടിക IIIപ്രകാരവും ലൈസൻസ് ഫീസ് ഈടാക്കാവുന്നതാണ്. എന്നാൽ താഴെ പറയുന്ന അപേക്ഷകരിൽ നിന്നും അപേക്ഷയിൽ കാണിച്ച ദിവസ വിറ്റുവരവിന് ആനുപാതികമായി ലൈസൻസ് ഫീ ഈടാക്കിയിട്ടില്ല.

| ക്രമ.നം | ഉടമയുടെ പേര് | വാർഡ്/ കെട്ടിട നം. | സ്ഥാപനം | ദിവസേന യുള്ള ശരാശരി വിറ്റു വരവ് | ഈടാ ക്കേണ്ട ഫീസ് | ഈടാക്കിയ ഫീസ്/ രശീതിനം. തീയതി | കുറവ് |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| 1 | യു.മൻസൂർ അഹമ്മദ് | 2/253,254 | ഗ്രേലൈൻ സിമന്റ് | 1,95000/- | 4000/- | 2000/- 11602101045/ 22-6-16 | 2000/- |
| 2 | ഇ.എം. ശശീന്ദ്രൻ | 6/93 | ഹൈവേഫ്യുവൽ ഇന്ത്യൻ ഓയിൽ | 3,00,000/- | 4000/- | 3000/- 11602100165/ 6-4-16 | 1000/- |
| 3 | സി.പി.ജാവിദ് | 5/210 | ബ്ലോക്ക് ബോർഡ്, ഫ്ലാഷ്ഡോർ പ്ലൈബുഡ് നിർമാണം | 70,000/- | 2000/- | 1000/- 11502102566/ 29-2-16 | 1000/- |
| 4 | സി.പി.ജാവിദ് | 5/209 | ,, | 70,000/- | 2000/- | 1000/- 11502102567/ 29-2-16 | 1000/- |
| 5 | എച്ച് ഗജാനന കമ്മത്ത് | 1/6 | സിമന്റ് ബില്ലിംഗ് | 75,000/- | 2000/- | 1000/- 11502102516/ 27-2-16 | 1000/- |
| 6 | നാസ്സർ.കെ.പി | | സ്പെയർ പാർട്ട്സ് വിൽപന | 12,000/- | 300/- | 50/- 11502102276/ 22-2-16 | 250/- |
| 7 | എ.പി.ശാദുലി | 5/32 | സ്റ്റേഷനറി, ഫ്രൂട്ട്സ്, ബേക്കറി | 4500/- | 100/- | 50/- 11502102432/ 26-2-16 | 50/- |

| | | | | | | | |
|---|---|---|---|---|---|---|---|
| 8 | തയ്യിൽ സുരേശൻ | 8/153 | പ്രിന്റിംഗ് പ്രസ്സ് | 3500/- | 100/- | 50/- 11502102553/ 29-2-16 | 50/- |
| 9 | മുഹമ്മദ് ഹാരീസ്. പി.പി | 9/42 | അനാദി കച്ചവടം | 4000/- | 100/- | 50/- 11602100188/ 6-4-16 | 50/- |
| 10 | രൂപേഷ്.എം | 9/181 | ഇലക്ട്രിക്കൽ റിപ്പയറിംഗ് | 3000/- | 100/- | 50/- 11602100801/ 1-6-16 | 50/- |
| 11 | ഉവൈസുൽ കർണി | 7/157 | അലൂമിനിയം, പിവിസി മെറ്റീരിയൽ വിൽപന | 20,000/- | 500/- | 300/- 11602100902/ 9-6-16 | 200/- |
| | ആകെ | | | | | | 6650/- |

മേൽ സൂചിപ്പിച്ച തുക ഈടാക്കിയിട്ടുണ്ടെങ്കിൽ വിവരം രേഖകൾ സഹിതം പരിശോധനയ്ക്ക് ഹാജരാക്കാനും അല്ലാത്തപക്ഷം തുക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കാനും ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 18/16-17, തീയതി 7-8-17) ഈടാക്കുന്നതിൽ കുറവു വന്ന 6,650/- രൂപ ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. ഡി&ഒ ലൈസൻസ് ഫീസ് ഇനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുക ബന്ധപ്പെട്ട വ്യക്തികളിൽ നിന്നോ ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നോ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

പൊതു അപാകങ്ങൾ

2016-17 വർഷം ഡി &ഒ ലൈസൻസിനുവേണ്ടി പഞ്ചായത്തിൽ സമർപ്പിച്ചിച്ച ഭൂരിഭാഗം അപേക്ഷകളിലും, അപേക്ഷകർ ദിവസേനയുള്ള ശരാശരി വിറ്റുവരവ് രേഖപ്പെടുത്തിയിട്ടില്ല. മാത്രമല്ല, പ്രസ്തുത അപേക്ഷകളിൻമേൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ തയ്യാറാക്കിയ പരിശോധനാ റിപ്പോർട്ടിലും വരുമാനം സംബന്ധിച്ച അഭിപ്രായം രേഖപ്പെടുത്തിയിട്ടില്ല. അതിനാൽത്തന്നെ

ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ വരുമാനനഷ്ടം എത്രയാണെന്ന് കൃത്യമായി കണക്കാക്കാൻ ഓഡിറ്റിൽ സാധിച്ചിട്ടില്ല.

## 2-7 തൊഴിൽ നികുതി ഈടാക്കാത്തത് സംബന്ധിച്ച്

കേരള പഞ്ചായത്ത് രാജ് നിയമം 204(1) വകുപ്പ് പ്രകാരം ഓരോ അർദ്ധവർഷവും ഒരു പഞ്ചായത്ത് പ്രദേശത്ത് 60 ദിവസത്തിൽ കുറയാതെ തൊഴിലിലോ, കലയിലോ ജോലിയിലോ ഏർപ്പെട്ടിരിക്കുന്നതോ ബിസിനസ് നടത്തുന്നതോ ആയ ഏതൊരാളും തൊഴിൽനികുതിക്ക് വിധേയമാകുന്നതാണ്. എന്നാൽ വളപട്ടണം ഗ്രാമപഞ്ചായത്തിലെ 2016-17വർഷത്തെ തൊഴിൽനികുതി രജിസ്റ്ററും, റിട്ടേണുകളും പരിശോധനക്ക് വിധേയമാക്കിയതിൽ താഴെ കാണിച്ചിരിക്കുന്ന സ്ഥാപനങ്ങളിലെ ജീവനക്കാർ/ തൊഴിലാളികൾ , കരാറുകാർ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനം. | പേര് /തസ്തിക | സ്ഥാപനം | 2016-17അർദ്ധവർഷം |
|---|---|---|---|
| 1 | കരാറുകാർ | | Ist & IInd |
| 2 | ജീവനക്കാർ | രാജേഷ് പ്രിന്റേർസ് | Ist&IInd |
| 3 | ജീവനക്കാർ | വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് കാന്റീൻ | Ist&IInd |
| 4 | ജീവനക്കാർ | റേഷൻ കടകൾ | Ist&IInd |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും, വിഭാഗക്കാരിൽ നിന്നും ഈടാക്കേണ്ടുന്ന തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-8 സ്ഥാപന തൊഴിൽ നികുതി അടവാക്കിയില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചുവരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടില്ല.

| ക്ര.നം | പേര്/സ്ഥാപനം | 2016-17 അർദ്ധവർഷം |
|---|---|---|
| 1 | ബിഎസ്എൻഎൽ കണ്ണൂർ(വളപട്ടണം) | Ist &IInd |

| | | |
|---|---|---|
| 2 | സിമന്റ് ലൈൻ വളപട്ടണം I | IInd |
| 3 | സിമന്റ് ലൈൻ വളപട്ടണം II | IInd |
| 4 | പ്രസ്റ്റീജ് വുഡ് വളപട്ടണം | IInd |
| 5 | സൺസ് പെട്രോൾ പമ്പ് | Ist &IInd |
| 6 | ഉമ്മർ അബ്ദുള്ള &കമ്പനി പെട്രോൾ പമ്പ് | Ist &IInd |
| 7 | ദാസ് അസ്സോസിയോറ്റ്സ് | Ist |
| 8 | കലിമ വുഡ് ഇൻഡസ്ട്രീസ് | Ist&IInd |
| 9 | സ്റ്റാമ്പ് വെണ്ടർ | IInd |
| 10 | രാജേഷ് പ്രിന്റേർസ് | Ist&IInd |
| 11 | വെസ്റ്റേൺ ഇന്ത്യ പ്ലൈവുഡ് കാന്റീൻ | Ist&IInd |
| 12 | റേഷൻ കടകൾ | Ist&IInd |

മേൽ സ്ഥാപനങ്ങളുടെ വാർഷിക ടേൺ ഓവർ കണക്കാക്കി സ്ഥാപന തൊഴിൽ നികുതി ഈടാക്കി വിവരം രേഖകൾ സഹിതം ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

നികുതി ചുമത്താവുന്ന വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും പേരുവിവരങ്ങൾ അടങ്ങിയ അസസ്സ്മെന്റ് രജിസ്റ്റർ (1996 ലെ കേരള പഞ്ചായത്ത് രാജ് (നികുതി ചുമത്തലും ഈടാക്കലും

അപ്പീലും ) ചട്ടങ്ങളിലെ ചട്ടം 5 ലെ മാതൃകയിൽ പഞ്ചായത്തിൽ സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്തിൽ ഇപ്രകാരം ഒരു രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. അസ്സസ്സ്മെന്റ് രജിസ്റ്റർ തയ്യാറാക്കി കാലികമാക്കി സൂക്ഷിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-9 ഇ-ടെണ്ടർ: ടെണ്ടർ ഫോറം വില ഇനത്തിൽ ലഭിക്കേണ്ട തുക ലഭിക്കുവാൻ നടപടി സ്വീകരിച്ചില്ല

വളപട്ടണം ഗ്രാമപഞ്ചായത്തിൽ 2016-17വർഷങ്ങളിൽ ഇ-ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ നിന്നും നാളിതുവരെയായും ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല.2016-17 വർഷത്തിൽ 3570/-രൂപ ടെണ്ടർഫീ ഇനത്തിലും, 42200/- രൂപ ഇഎംഡി ഇനത്തിലും ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ അക്കൗണ്ടിൽ വരവു വന്നിട്ടുണ്ട്. ഇതിൽ നിന്നും ടെണ്ടർ ഫോറം വില ഇനത്തിലുള്ള തുക ലഭ്യമാക്കുന്നതിന് സത്വരനടപടി സ്വീകരിക്കേണ്ടതാണ്.

## 2-10 ലൈബ്രറി സെസ് യഥാസമയം ഒടുക്കുവരുത്തിയില്ല

2016-17 വർഷത്തിൽ 243646/- രൂപ സ്റ്റേറ്റ് ലൈബ്രറി കൗൺസിലിന് ഒടുക്കിയിട്ടുണ്ട്. (വൗ.21600330/ 17-8-16) ഈ തുക31-3-15 വരെ കുടിശ്ശികയുള്ള 169417/- രൂപയും 2015-16 വർഷത്തെ വരവായ 74229/-രൂപയും ഉൾപ്പെടെയുള്ളതാണ്.തദ്ദേശ ഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ഏപ്രിൽ 30 നകവും, രണ്ടാം ഗഡു നവമ്പർ 30 നകവും അടക്കേണ്ടതുണ്ട്. എന്നാൽ ഈ നിർദ്ദേശം പാലിക്കാതെ 2014-15 രണ്ടാം അർദ്ധവർഷത്തെ തുകയും 2015-16 വർഷത്തെ രണ്ട് അർദ്ധവർഷത്തെ തുകയും ചേർത്ത് 2016-17ലാണ് ഒടുക്കിയിട്ടുള്ളത്. ആയതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഒരു വർഷം ലൈബ്രറി സെസ് ഇനത്തിൽ പിരിക്കുന്ന തുക രണ്ട് ഗഡുക്കളായി ലൈബ്രറി കൗൺസിലിന് അടക്കണം. ആദ്യ ഗഡു ഏപ്രിൽ 30-നകം രണ്ടാമത്തെ ഗഡു നവംബർ 30 നകവും അടക്കേണ്ടതാണ്. ഇതിൽ വീഴ്ച വരുത്തിയാൽ അത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കുന്നതും ആയതിന്റെ പലിശ സെക്രട്ടറിയുടെ പക്കൽ നിന്ന് ഈടാക്കേണ്ടതുമാണ് എന്ന് സർക്കുലർ നമ്പർ 10088/എൽ.3/05/തസ്വഭവ തീയതി 20.9.2005 സർക്കുറിൽ വ്യക്തമാക്കിയിട്ടുണ്ട്.

ലൈബ്രറി സെസ് യഥാസമയം ഒടുക്കുവരുത്തി പിഴപലിശയുടെ ബാധ്യത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഗാർഹിക കുടിവെള്ള കണക്ഷൻ - അർഹതയില്ലാത്ത ഗുണഭോക്താവിന് ആനുകൂല്യം നൽകിയത് - 4000/- തിരിച്ചുപിടിക്കേണ്ടതാണ്

നിർവഹണ ഉദ്യോഗസ്ഥൻ - വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ,

പ്രോജക്റ്റ് 10/17, ഗാർഹിക കുടിവെള്ള കണക്ഷൻ

അടങ്കൽ - 60000(ധന.ക.ഗ്രാന്റ്)

ചെലവ് - 24000(ബിൽ7/16-17,23-3-17)

20000/-(ബിൽ12/16-17,29-3-17)

മേൽ പദ്ധതി പ്രകാരം 11 ഗുണഭോക്താക്കൾക്ക് 4000/- രൂപ വീതം ആനുകൂല്യം നൽകിയിട്ടുണ്ട്. പന്ത്രണ്ടാം പദ്ധതി മാർഗരേഖയുള്ള ഭേദഗതി ഉത്തരവ് നമ്പർ 2464/2016 /തസ്വഭവ തീയതി 17-8-16 പ്രകാരം തദ്ദേശ ഭരണസ്ഥാപനങ്ങൾ നൽകിവരുന്ന വിവിധതരം ആനുകൂല്യങ്ങൾക്കുള്ള വരുമാന പരിധി ഭവനനിർമ്മാണത്തിന് ഒഴികെ പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് 1 ലക്ഷം രൂപയായും, പട്ടികജാതി വിഭാഗത്തിന് 1.5 ലക്ഷം രൂപയായും ഉയർത്തിയിട്ടുണ്ട്. ഇതു പ്രകാരം 1 ലക്ഷം രൂപ വരെ വരുമാനമുള്ള കുടുംബങ്ങൾക്ക് മാത്രമാണ് പദ്ധതിയുടെ ആനുകൂല്യത്തിന് അർഹതയുള്ളത്. എന്നാൽ പദ്ധതി പ്രകാരം ആനുകൂല്യം കൈപ്പറ്റിയ സി.കെ.ഷുക്രത്ത് എന്ന ഗുണഭോക്താവിന്റെ വാർഷികവരുമാനം (വില്ലേജ് ഓഫീസറുടെ വരുമാനസർട്ടിഫിക്കറ്റ് പ്രകാരം) 432000/- രൂപയാണ്. അർഹതയില്ലാത്ത ഗുണഭോക്താവിന് നൽകിയ 4000/- രൂപ തിരിച്ചുപിടിക്കേണ്ടതാണ്.

## **3-2** കൃഷി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ– മാർഗ്ഗരേഖാ വിരുദ്ധമായി തുക മുൻകൂർ നൽകി **-1,00,000/-** രൂപ തടസ്സപ്പെടുത്തുന്നു

പ്രൊജക്ട് നം : S0061/17

പ്രൊജക്ടിന്റെ പേര് :കൃഷി ഓഫീസിലേക്ക് ഫർണിച്ചർ വാങ്ങൽ

അടങ്കൽ :100000/- (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ബിൽ നം., തീയതി., തുക :1) KBV-03/05/16-17/31-03-17, 1,00,000/-

കൃഷി ഓഫീസിലെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനു വേണ്ടി രണ്ട് അലമാര, മൂന്നു സ്റ്റീൽ മേശ, മൂന്നു ഓഫീസ് ചെയർ, മരം കൊണ്ടുള്ള ഒരു മേശ, 27പ്ലാസ്റ്റിക്ക്കസേര എന്നിവ വാങ്ങുന്നതിനായി തയ്യാറാക്കിയ മേൽ പ്രൊജക്ട് പ്രകാരം, കൃഷി ഓഫീസർ മെയിന്റനൻസ് ഫണ്ടിൽ നിന്നും 1,00,000/- പിൻവലിച്ച് റബ്കോ കണ്ണൂരിന്റെ എസ് ബിഐ വഴതക്കാട് ബ്രാഞ്ചിലുള്ള അക്കൗണ്ടിലേക്ക് (A/cNo. 00000057022720873) മുൻകൂറായി നൽകിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് ഹാജരാക്കിയ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കിയതിൽ താഴെ പറയും പ്രകാരം അപാകങ്ങൾ കാണുന്നു.

നിർവഹണോദ്യോഗസ്ഥ ഫർണിച്ചർ വാങ്ങുന്നതിനുവേണ്ടി തുക സ്ഥാപനത്തിന് മുൻകൂറായാണ് നൽകിയിട്ടുള്ളത്. തുക 03-04-2017ന് കൈപ്പറ്റിയതായി റബ്കോയിൽ നിന്ന് രശീതി ഹാജരാക്കിയിട്ടുണ്ട്. റബ്കോയിൽ നിന്ന് ലഭ്യമാക്കിയ 25-3-2017ലെ RHW/16-17/731 നം.ഇൻവോയിസ് പ്രകാരമാണ് തുക റബ്കോയ്ക്ക് നൽകിയത്. പ്രസ്തുത ഇൻവോയിസിൽത്തന്നെ ഓർഡർ നൽകി 35ദിവസത്തിനകം ഫർണിച്ചർ ഡെലിവറി ചെയ്യുന്നതായിരിക്കുമെന്നും, ഫർണിച്ചറുകൾക്ക് ഇൻവോയിസിൽ കാണിച്ചിരിക്കുന്ന വില 30ദിവസം മാത്രമേ പ്രാബല്യത്തിൽ

ഉണ്ടായിരിക്കുകയുള്ളൂവെന്നും നിബന്ധന വച്ചിട്ടുണ്ട്. റബ്കോയുമായി നിർവഹണോദ്യോഗസ്ഥ കരാറിലേർപ്പെട്ടിട്ടുമില്ല. ഫർണിച്ചറുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ സ്റ്റോക്ക് രജിസ്റ്റർ സഹിതം പരിശോധനയ്ക്ക് ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/16-17, തീയതി 8-8-17) ഫർണിച്ചർ നാളിതുവരെ കൃഷി ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല എന്നാണ് മറുപടി നൽകിയിട്ടുള്ളത്. ഇപ്രകാരം ഫർണിച്ചർ വാങ്ങാൻ തുക മുൻകൂർ നൽകിയത് മാർഗ്ഗരേഖാ വിരുദ്ധമാണ് . അതിനാൽ തുക 1,00,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-3 ഔഷധിയിൽനിന്നും മരുന്നുകൾ ലഭ്യമാകുന്നതിലുള്ള കാലതാമസം

പ്രോജക്ട് നം : S006/17

പ്രോജക്ടിന്റെ പേര് : ആയുർവേദ ആശുപത്രിക്ക് മരുന്നുവാങ്ങൽ

അടങ്കൽ : 6,54,460/- മെയിന്റൻസ് ഗ്രാന്റ് (റോഡിതരം)

ബിൽനം&തീയതി,തുക : 1) 1/16-17/4-11-16, 5,00,000/-

2) 2/16-17/28-3-17, 1,54,460/-

മേൽ പദ്ധതി പ്രകാരം ആയുർവേദ ആശുപത്രിയിലേക്ക് മരുന്നുകൾ വാങ്ങുന്നതിനായി 6,54,460/- രൂപ ദി ഫാർമസ്യൂട്ടിക്കൽ കോർപ്പറേഷൻ, ഔഷധി തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. (ഡിഡിനം. 916154/16-11-2016 പ്രകാരം 5,00,000/- രൂപയും, 1,54,460/-രൂപ 28-3-17 ന് സിന്റിക്കേറ്റ് ബാങ്ക്,പരിയാരം ബ്രാഞ്ചിൽ ഔഷധിയുടെ അക്കൌണ്ടിലും). ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പ്രകാരം ആകെ 5,79,772/- രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായി കാണുന്നത്. ബാക്കി 74,688/- രൂപയുടെ മരുന്നുകൾ ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങളും ഇല്ലെങ്കിൽ ഇവ ലഭിക്കുന്നതിനു വേണ്ടി സ്വീകരിച്ച തുടർനടപടികളുടെ വിവരങ്ങളും ലഭ്യമാക്കാൻ ആവശ്യപ്പെട്ടുകൊണ്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(18/16-17 തീയതി 8-8-17) ഔഷധി തവണകളായാണ് മരുന്നുകൾ ലഭ്യമാക്കുന്നതെന്നും, ബാക്കി തുകയുടെ മരുന്നുകൾ ലഭ്യമാകുന്ന മുറയ്ക്ക് രേഖകൾ ഹാജരാക്കുന്നതാണ് എന്നാണ് മറുപടി നൽകിയത്. സർക്കുലർ നം. 13160/ഡിഎ-1/2010/ത.സ്വ.ഭ.വ, തീയതി 28.11.2010 പ്രകാരം ഔഷധിയിൽ നിന്ന് മരുന്നുകൾ വാങ്ങുമ്പോൾ 60ദിവസത്തിനകം വിതരണം ചെയ്യണം എന്ന വ്യവസ്ഥയിൽ മുൻകൂറായി തുക നൽകാവുന്നതാണ്. ഇതു സംബന്ധിച്ച് കരാർ വയ്ക്കേണ്ടതാണ്. 60ദിവസത്തിനകം മരുന്നു ലഭ്യമാക്കിയില്ലെങ്കിൽ ഔഷധി നഷ്ടപരിഹാരം നൽകണം. അത്യാവശ്യമരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ നിർവഹണോദ്യോഗസ്ഥൻ ശ്രദ്ധിക്കേണ്ടതാണ്. മരുന്നുകൾ ലഭ്യമാകുന്നതിന് തുടർനടപടികളൊന്നും സ്വീകരിക്കാത്തത് നിർവഹണോദ്യോഗസ്ഥന്റെ ഭാഗത്തുനിന്നുള്ള വീഴ്ചയാണ്. പദ്ധതി സംബന്ധിച്ച് മോണിറ്ററിംഗ് നടത്തേണ്ട വർക്കിംഗ് ഗ്രൂപ്പും ഇക്കാര്യത്തിൽ ശ്രദ്ധിച്ചതായി കാണുന്നില്ല. ആയതിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-4 തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ ലഭ്യമാക്കിയില്ല.

നിർവഹണ ഉദ്യോഗസ്ഥൻ - വെറ്റിനറി സർജൻ,

പ്രോജക്റ്റ് 65/17, തെരുവുനായ നിയന്ത്രണപരിപാടി

അടങ്കൽ- 100000(വി.ഫ)

ചെലവ് - 100000(ബിൽ പി2/16-17,9-3-17)

മേൽ പദ്ധതിയുടെ ഗ്രാമപഞ്ചായത്ത് വിഹിതമായി ഒരു ലക്ഷം രൂപ ജില്ലാപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ ജില്ലാ ട്രഷറിയിലുള്ള 79901140000958 നമ്പർ അക്കൗണ്ടിലേക്ക് മാറ്റിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് രശീതി, വിനിയോഗസാക്ഷ്യപത്രം എന്നിവ പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.തുകയുടെ കൈപ്പറ്റ് രശീതി ലഭ്യമാക്കേണ്ടതും, പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗസാക്ഷ്യപത്രം വാങ്ങി സൂക്ഷിക്കേണ്ടതുമാണ്.

## 3-5 തെരുവുവിളക്ക് വൈദ്യുതിചാർജ് - സംയുക്തപരിശോധന നടത്തിയില്ല.

ഗ്രാമപഞ്ചായത്തിൽ 2016-17 വർഷത്തിൽ 57409/- രൂപയാണ് വൈദ്യുതിചാർജിനത്തിൽ ഒടുക്കുന്നത്. 2017-18 ൽ ഈ തുക 72800/- രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കെഎസ്ഇബി നൽകുന്ന ഇൻവോയ്സിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കുന്നത്. കെഎസ്ഇബി 2017-18 വർഷത്തിൽ നൽകിയ ഇൻവോയ്സ് പ്രകാരമുള്ള വിളക്കുകളുടെ എണ്ണം താഴെ ചേർക്കുന്നു.

| 2013-14(രജിസ്റ്റർ പ്രകാരം) | | 2017-18(കെഎസ്ഇബി ഇൻവോയ്സ് പ്രകാരം) | |
|---|---|---|---|
| ഓർഡിനറി(40വാട്സ്) | 107 | ഓർഡിനറി(40വാട്സ്) | 107 |
| ഓർഡിനറി(60വാട്സ്) | 12 | ഓർഡിനറി(60വാട്സ്) | 12 |
| ഓർഡിനറി(100വാട്സ്) | 11 | ഓർഡിനറി(100വാട്സ്) | 11 |
| ഫ്ലൂറസന്റ് ട്യൂബ്(2*40) | 144 | ഫ്ലൂറസന്റ് ട്യൂബ്(2*40) | 144 |
| ഫ്ലൂറസന്റ് ട്യൂബ്(1*40) | 10 | ഫ്ലൂറസന്റ് ട്യൂബ്(1*40) | 137 |
| എസ് വിഎൽ(150വാട്സ്) | 45 | എസ് വിഎൽ(150വാട്സ്) | 45 |
| എസ് വിഎൽ(250വാട്സ്) | 44 | എസ് വിഎൽ(250വാട്സ്) | 44 |
| സിഎഫ്എൽ(2*11) | 18 | സിഎഫ്എൽ(2*11) | 83 |

ജില്ലയിലെ ഏറ്റവും ചെറിയ പഞ്ചായത്തായ വളപട്ടണം ഗ്രാമപഞ്ചായത്തിലെ പ്രതിമാസ വൈദ്യുതി ചാർജിനത്തിൽ ഭീമമായ തുക ഒടുക്കുന്നത് പരിശോധിക്കപ്പെടേണ്ടതാണ്. തെരുവുവിളക്കിന് മീറ്റർ സ്ഥാപിക്കുന്നതിനായി 2013-14 വർഷങ്ങളിൽ 115935/- രൂപയുടെ കെഎസ്ഇബിക്ക് തുക കൈമാറിയിരുന്നുവങ്കിലും പ്രസ്തുത പ്രവൃത്തി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. മേൽകാണിച്ച വിളക്കുകളിൽ മുഴുവൻ എണ്ണവും പ്രവർത്തിക്കുന്നുണ്ടോ എന്നും, നിലവിൽ ഓഡിനറി ബൾബുകൾ സ്ഥാപിക്കാത്ത സാഹചര്യത്തിൽ പട്ടികയിൽ കാണിച്ച 130 ഓഡിനറി ബൾബുകൾ നിലനിൽക്കുന്നുണ്ടോ എന്ന കാര്യവും സംയുക്തപരിശോധനയിലൂടെ കണ്ടെത്തേണ്ടതാണ്.

## 3-6 പൊതുടാപ്പുകളുടെ വെള്ളക്കരം - സംയുക്തപരിശോധന നടത്തിയില്ല

2016-17 വർഷത്തിൽ ഗ്രാമപഞ്ചായത്ത് പഞ്ചായത്ത് പരിധിയിലെ 82 പൊതു ടാപ്പുകളുടെ വെള്ളക്കരമിനത്തിൽ 35875/- രൂപ പ്രതിമാസം വാട്ടർ അതോറിറ്റിക്ക് നൽകുന്നുണ്ട്. എന്നാൽ ടാപ്പുകളുടെ എണ്ണം, പ്രവർത്തനക്ഷമത എന്നിവ സംബന്ധിച്ച് വാട്ടർ അതോറിറ്റിയുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി ഉപയോഗിക്കുന്ന ജലത്തിന് മാത്രമേ വെള്ളക്കരം ഒടുക്കുന്നുള്ളൂ എന്ന് ഉറപ്പുവരുത്താൻ ഗ്രാമപഞ്ചായത്തിന് സാധിച്ചിട്ടില്ല.

## 3-7 പ്രവൃത്തി പൂർത്തീകരണം വൈകിയത് - പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി സമയം ദീർഘിപ്പിച്ചു നൽകി

നിർവഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് എഞ്ചിനീയർ,

പ്രോജക്റ്റ്നം ; 67/17, പിസികെ റോഡ് മുതൽ പടിഞ്ഞാറെലൈൻ ഫുട്പാത്ത് നിർമ്മാണം

അടങ്കൽ ; 140000/-

പിഎസി - - 129897/-

ചെലവ് ;119646/-

കരാറുകാരൻ ; പി.പി.ബിജു

എഗ്രിമെന്റ് തീയതി : 1-9-15

പ്രവൃത്തി പൂർത്തീകരിക്കേണ്ട തീയതി :31-1-16(5 മാസം)

പ്രവൃത്തിയുടെ എഗ്രിമെന്റ് പ്രകാരം പ്രവൃത്തി പൂർത്തിയാക്കേണ്ടത് 31-1-16 നായിരുന്നു. എന്നാൽ ഈ കാലയളവിൽ പ്രവൃത്തി ആരംഭിച്ചിട്ടില്ല. തുടർന്ന് 2016-17 വർഷത്തിൽ സ്പിൽഓവർ പ്രവൃത്തിയായി അംഗീകരിക്കുകയും പ്രവൃത്തി 10-11-16 ന് പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ഭരണസമിതിയുടെ 20-6-16 ലെ 130/16(3) നമ്പർ തീരുമാനപ്രകാരം പൂർത്തീകരണകാലാവധി 30-9-16 വരെ പിഴയില്ലാതെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തിൽ പ്രവൃത്തി ആരംഭിക്കാത്തതിനോ, കാലാവധി ദീർഘിപ്പിച്ചു നൽകിയതിനോ ഉള്ള കാരണങ്ങൾ

ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. 10-11-16 ന് പൂർത്തിയാക്കിയ മേൽ പ്രവൃത്തിയുടെ ഫൈനൽ ബില്ലിൽ നിന്നും 30-9-16 ന് ശേഷമുള്ള കാലയളവിലേക്ക് പിഴ ഈടാക്കിയതായും കാണുന്നില്ല. (ഓഡിറ്റ് എൻക്വയറിയെ തുടർന്ന് 1200/- രൂപ പിഴയിനത്തിൽ ഒടുക്കിയിട്ടുണ്ട്) 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം യഥാർത്ഥ പൂർത്തീകരണ കാലാവധിയുടെ പരമാവധി 50% അധികസമയം മാത്രമാണ് പൂർത്തീകരണത്തിന് അനുവദിക്കാവുന്നത്. എന്നാൽ ഈ വ്യവസ്ഥകൾ പാലിക്കാതെയാണ് ദീർഘീകരണം അനുവദിച്ചിട്ടുള്ളത്. പദ്ധതി നിർവഹണത്തിൽ പൊതുമരാമത്ത് മാന്വലിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

## 3-8 ഭവനനിർമ്മാണത്തിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിന് കൈമാറിയത് - ചെലവഴിക്കാത്ത തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്

19 ഗുണഭോക്താക്കൾക്കുള്ള ഭവനനിർമ്മാണത്തിനുള്ള ഗ്രാമപഞ്ചായത്ത് വിഹിതമായി 380000/- രൂപ (19*20000) 2015-16 വർഷത്തിൽ കണ്ണൂർ ബ്ലോക്ക് പഞ്ചായത്തിന് നൽകിയിട്ടുണ്ട്. പ്രസ്തുത തുക സംബന്ധിച്ച് നൽകിയ വിനിയോഗസാക്ഷ്യപത്രത്തിൽ 360000/- രൂപ ചെലഴിച്ചിട്ടുണ്ടെന്നും, ഒരു ഗുണഭോക്താവിനുള്ള തുകയായ 20000/- രൂപ ചെവഴിച്ചിട്ടില്ല എന്നും, ആയത് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അക്കൗണ്ടിലേക്ക് തിരികെ നൽകുന്നതാണ് എന്നും ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. മേൽ തുക തിരികെ ലഭിക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-9 വിവിധ ഏജൻസികളിൽ നിന്ന് ലഭിച്ച തുകകൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനോ അല്ലാത്തപക്ഷം അവ നൽകിയ സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുന്നതിനോ സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്

2016-17 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം (B-4 schedule) താഴെ കാണിച്ച പ്രകാരം തുക നീക്കിയിരിപ്പുണ്ട്. ഇവയിൽ സർക്കാർ നിർദ്ദേശ പ്രകാരം ചെലവഴിക്കേണ്ട തുകകൾ വിനിയോഗിക്കുന്നതിനോ ചെലവഴിക്കാൻ സാധ്യതയില്ലാത്തവ അത് നൽകിയ സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കുന്നതിനോ നടപടി സ്വീകരിക്കേണ്ടതാണ്.

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ടിഎസ് സി ഫണ്ട് | 2016-17 | 618258+<br>5338(മുന്നിരിപ്പ്) | ഖരമാലിന്യപരിപാലനം<br>മഴക്കാലപൂർവ ശുചീകരണം | ഇല്ല | 623596 |

| | | | | | |
|---|---|---|---|---|---|
| കേന്ദ്രാവിഷ്കൃപരിപാടി (ഐസിഡിഎസ്) | 2016-17 | 399727 | അംഗൻവാടി പോഷകാഹാര പരിപാടി | 147236 | 252491 |
| സാക്ഷരത* | | | | | 85955 |
| മറ്റ് ഏജൻസികളിൽ നിന്ന് ലഭിച്ചത് | 2016-17 | 25000 | വിമുക്തി പദ്ധതി | 0 | 25000 |
| ബ്ലോക്ക് പഞ്ചായത്ത് | | | | | 51095 |
| ഗുണഭോക്തൃ വിഹിതം | 2016-17 | മുൻബാക്കി- 25763+ 238545 | ഗ്രോബാഗ് പച്ചക്കറി-67000 തെങ്ങ് മുറിച്ചുമാറ്റൽ-2470 കിഴങ്ങ് കിറ്റ്-15000 ജൈവവളം-31845 അടുക്കളതോട്ടം-11360 മുട്ടക്കോഴി-54270 ആട്ടവളർത്തൽ-48000 | 238545 | 25763 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | തുക നൽകിയ വർഷം | ക്രമീ കരിച്ച തുക | ക്രമീക രിക്കാൻ ബാക്കി യുള്ള തുക | റിമാർക്സ് |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് | തെരുവുവിളക്ക് മീറ്റർ സ്ഥാപിക്കൽ, ലൈൻവലിക്കൽ | 115935 | 2013-14 | ഇല്ല | 115935 | പ്രവൃത്തി പൂർത്തീകരിച്ചു, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല. |
| | ജാഗ്രതാസമിതി കെട്ടിടത്തിൽ വൈദ്യുതികണക്ഷൻ | 1200 | 2015-16 | ഇല്ല | 1200 | പ്രവൃത്തി പൂ ർത്തീകരിച്ചു, വിനിയോഗ സാക്ഷ്യപത്രം ലഭിച്ചില്ല |
| | സമ്പൂർണ്ണ വൈദ്യുതീകരണം | 13860 | 2016-17 | 13860 | ഇല്ല | 0 |
| മറ്റുള്ളവ | മണൽപാസ് | 12775 | 2013-14 | ഇല്ല | 12715 | വിവരങ്ങൾ ലഭ്യമല്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃതറിപ്പോർട്ട് വർഷം | ഖണ്ഡിക | നിലവിലെ അവസ്ഥ |
|---|---|---|---|---|
| 2006-2007 | 3-8(2) | 2009-10 | ആധുനീക അറവുശാല24.91 ലക്ഷം രൂപ പാഴായി | പ്രവർത്തനക്ഷമമായിട്ടില്ല |

| | | | | |
|---|---|---|---|---|
| 2008-09 | 03/02/17 | 2011-12 | നിക്ഷേപപ്രവൃത്തികൾ നടപടിക്രമങ്ങൾ പാലിക്കുന്നില്ല | പഞ്ചായത്ത് നിക്ഷേപിച്ച 260000/- രൂപയിൽ 33339/- രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ബാക്കി തുകയായ 226661/- രൂപ 4-4-15 തീയതിയിൽ സർക്കാരിലേക്ക് തിരിച്ചടച്ചിട്ടുണ്ടെന്നും അനർട്ട് അറിയിച്ചിട്ടുണ്ട്. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം 2016-17

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 17568175 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 18755700 |
| വരവിനങ്ങളിലുള്ള നഷ്ടം | 6650 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 4000 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 100000 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-6 | 6650 | - | ശ്രീ.പി.വി. പത്മനാഭൻ, സെക്രട്ടറി |
| 3.1 | -- | 4000 | ശ്രീമതി.ഐവി ഐസക്, വിഇഒ |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തടസപ്പെട്ടുത്തിയ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.2 | 100000 | ശ്രീമതി.സീമാ സഹദേവൻ<br>കൃഷിഓഫീസ്സർ |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് ഉത്തരവാദികളായവരുടെ സ്ഥിരം മേൽ വിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. ഐവി ഐസക്<br>വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ, വളപട്ടണം ഗ്രാമപഞ്ചായത്ത് | 2/313 ഡി, സരോവരം<br>തോപ്പിൽ കട്ടത്ത് റോഡ്,<br>തിരുവാംകുളം |
| ശ്രീ. പി.വി. പത്മനാഭൻ | സെക്രട്ടറി, കണ്ണപുരം ഗ്രാമപഞ്ചായത്ത് | പോത്തേര വീട്,<br>കാഞ്ഞിരക്കാട്<br>പി.ഒ.,<br>തളിപ്പറമ്പ്<br>670142 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | എൽഎഫ് കെഎൻആർ/സി11 /369/15(1) തീയതി 4.11.15 | 5 |
| 1999-2000 | എൽഎഫ് കെഎൻആർ/സി11 | 4 |

| | | |
|---|---|---|
| | /369/15(2) തീയതി 4.11.15 | |
| 2003-04 | എൽഎഫ് കെഎൻആർ/സി11 /369/15(3) തീയതി 4.11.15 | 7 |
| 2004-05 | എൽഎഫ് കെഎൻആർ/സി11 /369/15(4) തീയതി 4.11.15 | 6 |
| 2005-06 | എൽഎഫ് കെഎൻആർ/സി11 /369/15(5) തീയതി 4.11.15 | 4 |
| 2006-07 | എൽഎഫ് കെഎൻആർ/സി11 /369/15(6) തീയതി 4.11.15 | 14 |
| 2007-08 | എൽഎഫ് കെഎൻആർ/സി11 /369/15(7) തീയതി 4.11.15 | 6 |
| 2008-09 | എൽഎഫ് കെഎൻആർ/സി11 /369/15(8) തീയതി 4.11.15 | 6 |
| 2009-10<br>2010-11<br>2011-12 | എൽഎഫ് കെഎൻആർ/സി11 /369/15(9) തീയതി 4.11.15 | 12 |
| 2012-13 | എൽഎഫ് കെഎൻആർ/സി11 /435/15 തീയതി 22-5-15 | 7 |
| 2013-14<br>2014-15 | എൽഎഫ് കെഎൻആർ/സി11 /1356/16 തീയതി 22-5-15 | 9 |
| 2015-16 | കെഎസ്എ/കെഎൻആർ /സി5/2097/2016 തീ.4.1.17 | 18 |

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ .എസ്.എ./കെ.എൻ.ആർ./സി.5/1492/2017

കേരള സംസ്ഥാന ഓഡിറ്റ്

ജില്ലാഓഡിറ്റ് കാര്യാലയം,കണ്ണൂർ

ഇ-മെയിൽ – doknr.ksad@kerala.gov.in

ഫോൺ – 04972-707698

തീയ്യതി – 18.09.2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ അനുസരിച്ചും പഞ്ചായത്ത രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ധേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കണ്ണൂർ ജില്ലയിലെ വളപട്ടണം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടികാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വളപട്ടണം ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

APPENDIX - 1

AUDIT CERTIFICATE

No.KSA/KNR/C5/1492 /2017

Kerala State Audit Department,

District Audit Office, Kannur,

Phone 04972-707698

E-Mail. doknr.ksad@kerala.gov.in

Date:18.09.2017

Certified that I have audited the Annual Financial Statement of Valapattanam Gramapanchayath in KANNUR District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayath Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of Audit of accounts of Panchayath Raj Institutions.

In my opinion, the Financial Statements of Valapattanam Gramapanchayath for the year 2016-17 except the observations in my Audit report properly presents the picture of income and expenditure.

DEPUTY DIRECTOR,

KERALA STATE AUDIT DEPARTMENT,
DISTRICT AUDIT OFFICE, KANNUR.

## അനുബന്ധം-2

# INCOME AND EXPENDITURE STATEMENT OF VALAPATANAM GRAMAPANCHAYATH FOR THE PERIOD FROM 1-4-2016 TO 31-3-2017

| CODE | HEAD OF ACCOUNT | SCHEDULE | AMOUNT ₹ |
|---|---|---|---|
| | INCOME | | |
| 110000000 | Tax Revenue | I-1 | 3829916 |
| 130000000 | Rental Income from panchayat properties | I-3 | 286325 |
| 140000000 | Fees & User Charges | I-4(b) | 1599729 |
| 150000000 | Sale & Hire Charges | I-5(b) | 75124 |
| 160000000 | RevenueGrants,Funds,Contributions& Compensations | I-6 | 17735991 |
| 171000000 | Interest Earned | I-8 | 29664 |
| 180000000 | Other Income | I-9 | 86070 |
| A | Total Income | | 23642819 |
| | EXPENDITURE | | |
| 210000000 | Establishment Expenses | I-10(b) | 8654496 |

| | | | |
|---|---|---|---|
| 220000000 | Administrative Expenses | I-11(b) | 551892 |
| 230000000 | Operations & Maintenance | I-12(b) | 1347556 |
| 240000000 | Interest & Finance Charges | I-13 | 349 |
| 250000000 | Decentralised Plan Programme-Productive Sector | I-14 | 1774340 |
| 251000000 | Decentralised Plan Programme-Service Sector | I-14(a) | 1889213 |
| 252000000 | Decentralised Plan Programme-Infrastructure Sector | I-14(b) | 588882 |
| 253000000 | Decentralised Plan Programme-Projects not in Sector | I-14(c) | 175360 |
| 254000000 | Expenditures of transferred institutions and state sponsored schemes | 1-14(d) | 9373265 |
| 255000000 | Maintenance Projects | 1-14(e) | 697996 |
| 256000000 | Other Revenue Grants & Funds-Revenue Expenses | I-15(a) | 125878 |
| 272000000 | Depreciation | I-17(a) | 478983 |
| B | Total Expenditure | | 25658210 |
| C=A-B | Gross Surplus / Defict Income over Expenditure | | -2015391 |
| D= 280000000 | Prior Period Item | I-18 | 29207 |
| E=C-D 290000000 | Gross Surplus/Defict of Income over Expenditure after prior Period items. Transfer to Reserve Funds | | -1986184 |
| | Net Balance being Surplus/Defict carried over to Balance Sheet (Panchayat Fund) | | |

DEPUTY DIRECTOR
DISTRICT AUDIT OFFICE, KANNUR

## അനുബന്ധം-3

# RECEIPT AND PAYMENT STATEMENT OF VALAPATANAMGRAMAPANCHAYATH FOR THE PERIOD FROM 1-4-2016 TO 31-3-2017

| Code No | Head Account | Schedule | Amount ₹ |
|---|---|---|---|
| | Opening Balance | | |
| | Bank<br>Cash | RP-40(a)<br>RP-40(a) | 10941548<br>98756 |
| | Receipts | | |
| | | | |
| 110000000 | Tax Revenue | RP-1 | 1501477 |
| 130000000 | Rental income from panchayath properties | RP-3 | 11300 |
| 140000000 | Fees & User Charges | RP-4 | 1467379 |
| 150000000 | Sale & Hire Charges | RP-5 | 75124 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 2883472 |

| | | | |
|---|---|---|---|
| 171000000 | Interest Earned | RP-9 | 29664 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 8099024 |
| 350000000 | Other liabilities | RP-36 | 271310 |
| Non operating | | | |
| 180000000 | Other Income | RP-10 | 86070 |
| 311000000 | Earmarked Funds | RP -29 | 14664 |
| 340000000 | Deposits Received | RP-34 | 212567 |
| 350000000 | Other Liabilities | RP-36 | 138601 |
| 431000000 | Sundry Debtors (Receivables) | RP-43 | 2489305 |
| 460000000 | Loans, Advances and Deposits | RP-47 | 92100 |
| Grand Total | | | 28608479 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 1956285 |
| 220000000 | Administrative Expenses | RP-12 | 551892 |
| 230000000 | Operations & Maintenance | RP-13 | 1347556 |
| 250000000 | Decentralised Plan Programme-productive Sector | RP-15 | 925720 |

| | | | |
|---|---|---|---|
| | | | |
| 251000000 | Decentralised Plan Programme-Service Sector | RP-16 | 2601753 |
| 252000000 | Decentralised Plan Programme-Infrastructure Sector | RP-17 | 587632 |
| 253000000 | Decentralised Plan Programme-projects not included in sector | RP-18 | 175360 |
| 254000000 | Expenditures of transferred institutions and state sponsored schemes | RP-19 | 70800 |
| 255000000 | Maintance Projects | RP-20 | 697996 |
| 256000000 | Other Revenue grants and Funds-Revenue Expenses | RP-21 | 125878 |
| 280000000 | Prior Perid Items | RP-26 | -16107 |
| 320000000 | Grants, Funds & Contributions for Specific Purposes | RP 31 | 31400 |
| 350000000 | Othes Liabilities | RP-36 | 4551567 |
| Non Operating | | | |
| 240000000 | Interest &Finance charges | RP-14 | 349 |
| 280000000 | Prior period item | RP-26 | -13100 |
| 340000000 | Deposits Received | RP-34 | 208383 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 2217741 |
| 410000000 | Fixed Assets | RP-38 | 1737490 |
| 412000000 | Capital work in progress | RP-40 | 768510 |
| 460000000 | Loans, Advances and Deposits | RP-47 | 228595 |
| | Closing Balance | | |
| | Bank<br>Cash | RP-40(b)<br>RP-40(b) | 9797072<br>55707 |
| Grand Total | | | 28608479 |

DEPUTY DIRECTOR
DISTRICT AUDIT OFFICE, KANNUR

അനുബന്ധം-4

# BALANCE SHEET OF VALAPATANAM GRAMA PANCHAYAT AS ON 31-3-2017

| Code No | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve & Surplus | | |
| 310000000 | Panchayat Fund | B-1 | 5657922.47 |
| 31100000 | Earmarked Funds | B2 | 27727.00 |
| 312000000 | Reserves | B-3 | 15320164.00 |
| | Total Reserve & Surplus | | 21005813.47 |
| 320000000 | Grants , Contribution for specific purposes | B4 | 1068931.00 |
| | Total Grants, Funds,Contributions for specific purposes | | 1068931.00 |

| | | | |
|---|---|---|---|
| | Current Liabilities and Provisions | | |
| 34000000 | Deposits Received | B-7 | 520811.07 |
| 341000000 | Deposit works | B-8 | 0 |
| 350000000 | Other Liabilities | B-9 | 1105969.96 |
| | Total Current Liabilities and Provisions | | 1626781.03 |
| | TOTAL LIABILITIES | | 23701525.50 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 15712330.00 |
| 411000000 | Accumulated Depreciation | B-11 | -3613337.00 |
| 412000000 | Capital Work In Progress | B-11(a) | 0 |
| | Total Fixed Assets | | 12098993.00 |
| | Current Assets,Loans and Advances | | |
| 431000000 | Sundry Debtors (Receivables) | B-15 | 1619643.50 |

| | | | |
|---|---|---|---|
| 450000000 | Cash and Bank balance | B-17 | 9852779.00 |
| 460000000 | Loans, Advances and Deposits | B-18 | 130110.00 |
| | Total Current Assets,Loans and Advances | | 11602532.50 |
| | TOTAL ASSETS | | 23701525.50 |

DEPUTY DIRECTOR,
DISTRICT AUDIT OFFICE, KANNUR.